പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1891 08.06.2018-ലെ മറുപടിക്ക്

## കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എസ്.ബി.ഐ. ഇൻഷുറൻസ്

| ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ശമ്പളത്തിൽ നിന്ന് വർഷത്തിലൊരിക്കൽ എസ് ബി ഐ ഇൻഷുറൻസ് എന്ന ഇനത്തിൽ അഞ്ഞൂറ് രൂപ വീതം പിടിക്കുന്ന സംവിധാനം നിലനില്ക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ശമ്പളത്തിൽ നിന്ന് തുക പിടിക്കുന്നതിന് കെ എസ് ആർ ടി സി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ശമ്പളത്തിൽ നിന്ന്ജീവനക്കാരുടെ സമ്മതം ഇല്ലാതെ തുക പിടിക്കുന്നതിന് ഗവൺമെൻറ് കെ എസ് ആർ ടി സി യ്ക്ക് അധികാരം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രീമിയം തുക ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br>കെ.എസ്.ആർ.ടി.സി മാനേജ്മെന്റും, അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും എസ്.ബി.ഐ ജനറൽ ഇൻഷുറൻസ് പ്രതിനിധികളുമായി നടത്തിയ ത്രികക്ഷി ചർച്ചാ യോഗത്തിലെ തീരുമാന പ്രകാരമാണ് ജീവനക്കാരുടെ ശമ്പള അക്കൗണ്ടിൽ നിന്ന് ശമ്പളത്തോടൊപ്പം ഇൻഷുറൻസ് പ്രീമിയം തുക ഈടാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എസ് ബി ഐ ഇൻഷ്വറൻസ് എന്നത് എസ് ബി ഐ യുടെ കമ്പനിയോ എസ് ബി ഐ യുടെ സബ്സിഡീയറിയായ സ്വകാര്യ കമ്പനിയോ ആണോ എന്ന വിവരം അറിയുമോ;എങ്കിൽ ഏതാണ്; | (സി) | എസ്.ബി.ഐ ജനറൽ ഇൻഷ്വറൻസ് എന്നത് എസ്.ബി.ഐയുടെ നിയന്ത്രണത്തിലുള്ള സബ്സിഡീയറി കമ്പനിയാണ്. |
| (ഡി) | ഇത്തരത്തിൽ ജീവനക്കാരുടെ സമ്മതമില്ലാതെ ശമ്പളത്തിൽ നിന്നും പണം പിടിച്ചെടുക്കുന്നതിന് മറ്റേതെല്ലാം സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുമായാണ് കരാറുണ്ടാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (ഡി) | ജീവനക്കാരുടെ സമ്മതമില്ലാതെ ശമ്പളത്തിൽ നിന്നും പണം പിടിച്ചെടുക്കുന്നതിന് ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾക്കും കോർപ്പറേഷൻ അനുമതി നൽകുകയോ, കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. |
| (ഇ) | രാവിലെ മുതൽ രാത്രി വരെ പണിയെടുക്കുന്ന ഇത്തരം ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് അവരുടെ അനുമതി ഇല്ലാതെ പണം പിടിച്ചെടുക്കുന്ന രീതി നിയമവിധേയമാണോ; അടുത്ത വർഷം മുതൽ ജീവനക്കാരുടെ സമ്മതമില്ലാതെ അവരുടെ ശമ്പളത്തിൽ നിന്നും ഈ ഇനത്തിൽ പണം പിടിച്ചെടുക്കുന്ന രീതിയ്ക്ക് വിരാമമാകുമോ; വ്യക്തമാക്കാമോ? | (ഇ) | കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും, മാനേജ്മെന്റും, എസ്.ബി.ഐ ജനറൽ ഇൻഷ്വറൻസ് പ്രതിനിധികളുമായി നടത്തിയ ത്രികക്ഷി ചർച്ചായോഗത്തിലാണ് കോർപ്പറേഷനിലെ എല്ലാ സ്ഥിരം, താൽക്കാലിക ജീവനക്കാർക്കും 500/- രൂപ വാർഷിക പ്രീമിയത്തിൽ 10 ലക്ഷം രൂപ പരിരക്ഷ ലഭിക്കുന്ന അപകട മരണ ഇൻഷ്വറൻസ് സ്കീം നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത സ്കീമിൽ മുൻ വർഷം അംഗമായിരുന്ന ജീവനക്കാരുടെയും, പുതിയതായി കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെയും, ഫെബ്രുവരിമാസത്തെ ശമ്പളത്തോടൊപ്പം ശമ്പള അക്കൗണ്ടിൽ നിന്നും പ്രീമിയം തുകയായ 500/- രൂപ ഈടാക്കുന്നതിനും ടി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.<br>പ്രസ്തുത സ്കീമിൽ പുതുതായി ചേരുന്നതിനും, നിലവിൽ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ തുടരുന്നതിന് താൽപര്യമില്ലായെങ്കിൽ വ്യക്തിഗത അപേക്ഷയുടെ അടിസ്ഥാനത്തിൽ അതിൽ നിന്നും ഒഴിവാക്കുന്നതിനും ഇൻഷ്വറൻസ് ഇനത്തിൽ ഈടാക്കിയ തുക തിരികെ വാങ്ങുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 8/001894/2011

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം. തീയതി: 22.02.2018

## സർക്കുലർ

വിഷയം:- **കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത് സംബന്ധിച്ച്-**

സൂചന:- 1) SBI ജനറൽ ഇൻഷ്വറൻസ് ബ്രാഞ്ച് ചാനൽ മാനേജറുടെ 06/02/2018 തീയതിയിലെ കത്ത്.

2) 17/02/2018 തീയതിയിൽ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചേർന്ന ചർച്ചാ യോഗത്തിന്റെ മിനിറ്റ്സ്.

കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് SBI ജനറൽ ഇൻഷ്വറൻസ് നിലവിൽ അനുവദിച്ചിരുന്ന അപകട മരണ ഇൻഷ്വറൻസ് പരിരക്ഷയുടെ കാലാവധി 31/03/2018 ൽ അവസാനിക്കുകയാണ്. തുടർന്നും പ്രസ്തുത പരിരക്ഷ ലഭ്യമാക്കുന്നതിന് സൂചന (1) പ്രകാരം SBI ജനറൽ ഇൻഷ്വറൻസ് സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത പരിരക്ഷ കെ.എസ്.ആർ.ടി.സിയിലെ എല്ലാ സ്ഥിരം, താത്ക്കാലിക ജീവനക്കാർക്കും തുടർന്നും ലഭ്യമാക്കണമെന്ന പൊതുധാരണയിൽ സൂചന (2) പ്രകാരം ചേർന്ന യോഗത്തിൽ 500/- രൂപയുടെ വാർഷിക പ്രീമിയത്തിൽ 10,00,000/- (പത്ത് ലക്ഷം) രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന സ്കീം തുടരുന്നതിനും മുൻവർഷം ടി സ്കീമിൽ അംഗമായിരുന്ന ജീവനക്കാരുടെയും, പുതിയതായി കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെയും ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും പ്രീമിയം തുകയായ 500/- രൂപ ഈടാക്കുന്നതിനും സ്കീമിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

ടി സ്കീമിൽ നിന്നും മുൻവർഷങ്ങളിൽ ഒഴിവായ ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ ചേരുവാൻ താത്പര്യമുണ്ടെങ്കിൽ പ്രസ്തുത വിവരവും, പേരും അക്കൗണ്ട് നമ്പരും രേഖപ്പെടുത്തിയ. വ്യക്തിഗത അപേക്ഷ 26/02/2018 - ന് മുമ്പായി യൂണിറ്റധികാരിയെ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ ഏതെങ്കിലും ജീവനക്കാർക്ക് 1000/- രൂപ വാർഷിക പ്രീമിയത്തിൽ 20,00,000/- (ഇരുപത് ലക്ഷം) രൂപയുടെ പരിരക്ഷ ലഭിക്കുന്ന സ്കീമിൽ ചേരുവാൻ താത്പര്യമുണ്ടെങ്കിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയ വ്യക്തിഗത അപേക്ഷയും 26/02/2018 ന് മുമ്പായി യൂണിറ്റധികാരിയെ ഏൽപ്പിക്കേണ്ടതാണ്.

യൂണിറ്റിൽ ലഭിക്കുന്ന [illegible]
കവറിൽ ലഭിക്കത്തക്കവിധത്തിൽ സൂപ്രണ്ട്, ഇ.ഡി.പി.സി വിഭാഗം എന്ന് പേരെഴുതിയ കവറിൽ ഒരുമിച്ച് അയയ്ക്കേണ്ടതാണ്. ചീഫ് ഓഫീസ് ജീവനക്കാരുടെ അപേക്ഷകൾ അതാത് വകുപ്പ് മേധാവികൾ ശേഖരിച്ച് 28/02/2018 ന് വൈകുന്നേരം 04:00 മണിക്ക് മുൻപായി ഇ.ഡി.പി.സി വിഭാഗത്തെ ഏൽപ്പിക്കേണ്ടതാണ്.

സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ തുടരുന്നതിന് താത്പര്യമില്ലായെങ്കിൽ തങ്ങളുടെ പേരും അക്കൗണ്ട് നമ്പരും രേഖപ്പെടുത്തിയ വ്യക്തിഗത അപേക്ഷ 30/03/2018 ന് മുമ്പായി യൂണിറ്റധികാരിയെ ഏൽപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 31/03/2018 ന് മുൻപായി ചീഫ് ഓഫീസിൽ ലഭിക്കത്തക്കവിധത്തിൽ സൂപ്രണ്ട്, ഇ.ഡി.പി.സി വിഭാഗം എന്ന് പേരെഴുതിയ കവറിൽ ഒരുമിച്ച് അയയ്ക്കേണ്ടതാണ്.

എല്ലാത്തരം അപകട മരണങ്ങൾക്കും ടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മരണ വിവരം യഥാസമയം ബാങ്കിനെ അറിയിക്കേണ്ടതാണ്. കൂടാതെ സർക്കാറിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗങ്ങളായവർക്ക് ലഭിക്കുന്ന 10 ലക്ഷം രൂപയ്ക്ക് പുറമെയാണ് ടി തുക ലഭിക്കുന്നത്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി,
എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ)

എല്ലാ യൂണിറ്റധികാരികൾക്കും.
എല്ലാ മേഖലാധികാരികൾക്കും.

ജീവനക്കാരുടെ അറിവിലേക്കായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

പകർപ്പ്:-
സി.എം.ഡി.യുടെ പി.എസ്സ്-ന്.
എഫ്.എ & സി.എ.ഒ.യുടെ സ്റ്റെനോയ്ക്ക്.
ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)
എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
കോ - ഓർഡിനേറ്റർ, ഇ.ഡി.പി.സി വിഭാഗം.
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും.
അംഗീകൃത തൊഴിലാളി സംഘടനകൾക്ക്
കരുതൽ ഫയൽ / ഫയൽ.

സെക്ഷൻ ഓഫീസർ